**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 912** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർഥികളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എതെല്ലാം ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ട്; എത്ര മാസത്തെ കുടിശ്ശികയാണ് ഉള്ളത്; പ്രസ്തുത ആനുകൂല്യങ്ങൾ കുടിശ്ശികയാകാൻ കാരണമെന്താണ്; വിശദമാക്കാമോ? | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2022-23 അധ്യയന വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 3 മാസത്തെ തുക കുടിശികയായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗനിർദേശങ്ങളനുസരിച്ച് പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പോർട്ടൽ PFMS-ഉം ആയി ഇന്റഗ്രേറ്റ് ചെയ്യുവാൻ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത ഇന്റഗ്രേഷൻ നടപടികൾക്കുള്ള സാങ്കേതിക സഹായം കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുള്ള കാലതാമസമാണ് സാങ്കേതിക ക്രമീകരണങ്ങൾ പൂർത്തികരിക്കുവാൻ കാലതാമസം നേരിട്ടത്. പട്ടികജാതി വികസന വകുപ്പ് സാങ്കേതിക ക്രമീകരണങ്ങൾ പൂർത്തിയാക്കി അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. പട്ടികവർഗ വികസന വകുപ്പിലെ ഇന്റഗ്രേഷനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ